# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - ksta.state@gmail.com**


---

പ്രസിദ്ധീകരണത്തിന് ;
തിരുവനന്തപുരം: 25.08.2016

# പൊതുവിദ്യാഭ്യാസം ഒരു കുടക്കീഴിലാവണം

## കെ എസ് ടി എ

പൊതുവിദ്യാഭ്യാസ മേഖലയിൽ പ്രീ-പ്രൈമറി മുതൽ ഹയർസെക്കന്ററി വരെ ഒരു കുട ക്കീഴിലാകണമെന്ന് കെ എസ് ടി എ നടത്തിയ ഹയർസെക്കന്ററി, വൊക്കേഷണൽ ഹയർസെ ക്കന്ററി ശില്പശാല അഭിപ്രായപ്പെട്ടു.

നിലവിൽ 1 മുതൽ 10 വരെ പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കീഴിലാണ് പ്രവർത്തി ക്കുന്നത് ഹയർസെക്കന്ററിക്കും വൊക്കേഷണൽ ഹയർസെക്കന്ററിക്കും വ്യത്യസ്ത ഡയറ ക്ടറേറ്റുകളാണ് ഉള്ളത്. പലവിഷയങ്ങളിലും വ്യത്യസ്ത ഡയറക്ടറേറ്റുകളുടെ സമീപനം വ്യത്യ സ്തമാണ്. അക്കാദമിക രംഗത്തേയും ഭരണരംഗത്തേയും നിരവധി പ്രവർത്തനങ്ങൾക്ക് പരി ഹാരം കാണാൻ ഏകോപനം കൊണ്ടു കഴിയും. ഇക്കാര്യത്തിൽ വിപുലമായ ചർച്ചക്ക് സർക്കാർ തയ്യാറാകണമെന്നും ശില്പശാലയിൽ അഭിപ്രായമുണ്ടായി.

സംസ്ഥാനസെന്ററിൽ നടന്ന ശില്പശാല ജനറൽ സെക്രട്ടറി കെ സി ഹരികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ഹയർസെക്കന്ററി അക്കാദമിക് ജോ.ഡയറക്ടർ ഡോ. പി പി പ്രകാശൻ സംസാരിച്ചു. സംസ്ഥാനവൈസ്പ്രസിഡന്റ് കെ ജെ ഹരികുമാർ, ട്രഷറർ ടി വി മദനമോഹ നൻ, സെക്രട്ടറി കെ സി അലി ഇക്ബാൽ എന്നിവർ നേതൃത്വം നൽകി. തുടർന്ന് നടന്ന ചർച്ച യിൽ രത്നാകരൻ, കെ കെ ഹരീഷ്കുമാർ, ബി.സജി, ഡോ. പി ഷാജി, വിൽസൺ തോമസ്, ടി ശ്രീജിത്ത്, പി സാബു, ജോസ് വി ജോർജ്, ജെ സജി എന്നിവർ പങ്കെടുത്തു. ഹയർസെക്കന്ററി കൺവീനർ പി വേണുഗോപാലൻ സ്വാഗതവും ജോ.കൺവീനർ എൻ ടി ശിവരാജൻ നന്ദിയും പറഞ്ഞു

**കെ.സി.ഹരികൃഷ്ണൻ**
ജനറൽസെക്രട്ടറി